പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191

08/03/2018-ൽ മറുപടിയ്ക്ക്

## ധനകാര്യ-ബാങ്കിംഗ് രംഗത്തെ വെല്ലുവിളി നേരിടാൻ കേരള ബാങ്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. എം. നൗഷാദ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | വൻകിട കുത്തക കമ്പനികൾക്ക് ഈടില്ലാതെ കോടിക്കണക്കിന് രൂപ വായ്പ നൽകുകയും കിട്ടാക്കടമെന്ന പേരിൽ എഴുതിത്തള്ളുകയും ചെയ്യുന്നതുവഴി പ്രതിസന്ധിയിലാകുന്ന ബാങ്കുകളെ സംരക്ഷിക്കേണ്ടത് ഇടപാടുകാരുടെ ബാധ്യതയാക്കാൻ ഫിനാൻഷ്യൽ റെസല്യൂഷൻ ആന്റ് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് നിയമം (എഫ്.ആർ.ഡി.ഐ.) കൊണ്ടുവന്ന് ചെറുസമ്പാദ്യം മാത്രമുള്ള പാവപ്പെട്ടവരെ ദ്രോഹിക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാർ നയങ്ങളോടുള്ള പ്രതിരോധമെന്ന നിലയിൽ സമ്പൂർണ്ണ ദേശീയ ബദൽ ബാങ്കായി കേരള ബാങ്ക് രൂപീകരിച്ച് സംസ്ഥാനത്തെ പാവപ്പെട്ടവരുടെ താല്പര്യം സംരക്ഷിക്കാനുള്ള ശ്രമത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്.ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>● കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് അനുമതിക്കായുള്ള പ്രാഥമിക അപേക്ഷ ഭാരതീയ റിസർവ്വ് ബാങ്കിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br>● ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി "Software Integration" ന് വേണ്ടിയുള്ള RFP അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ● കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച് ലീഗൽ സെൽ സമർപ്പിച്ച കരട് ഭേദഗതി നിർദ്ദേശങ്ങളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടാൻ നടപടി സ്വീകരിച്ചുവരുന്നു.<br>● 14 ജില്ലാ സഹകരണ ബാങ്കുകളുടേയും ബാക്കി പത്ര ശുദ്ധീകരണത്തിന്റെ ഭാഗമായുള്ള ബാങ്ക് തിരിച്ചുള്ള പ്രത്യേക യോഗങ്ങൾ 3 ഘട്ടം പൂർത്തിയായി കഴിഞ്ഞു.<br>● 15 ബാങ്കുകളുടെയും Asset Valuation, Audit എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റ്മാരെ നിശ്ചയിക്കുന്നതിനുള്ള RFP തയ്യാറാക്കി വരുന്നു.<br>● മനുഷ്യവിഭവശേഷി സംയോജിപ്പിക്കുന്നതിന് വേണ്ട പ്രാഥമിക നടപടി സ്വീകരിച്ച് വരുന്നു.<br>● ജില്ലാ/സംസ്ഥാന ബാങ്കുകളുടെ നിഷ്ക്രിയാസ്തി കുറയ്ക്കുന്നതിനും നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന് മൂലധന പര്യാപ്തത കൈവരിക്കുന്നതിനായുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br>● കേരള ബാങ്കിലേക്കുള്ള പുതിയ ഉൽപ്പന്നങ്ങൾ, സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ച പഠനം പുരോഗമിക്കുന്നു. |
| (ബി) | ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന രീതിയിൽ കേരള ബാങ്ക് രൂപീകരിച്ച് ധനകാര്യ-ബാങ്കിംഗ് രംഗത്തെ വെല്ലുവിളി നേരിടാൻ സഹകരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിയുന്നതോടൊപ്പം പ്രാഥമിക സംഘങ്ങൾക്ക് നൽകാൻ കഴിയാത്ത സേവനം നിർദ്ദിഷ്ട ഏകീകൃത ബാങ്ക് മുഖേന നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയ്ക്ക് നിയമപ്രകാരം ചെയ്യാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങൾ . ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നിർവ്വഹിക്കുമ്പോൾ ടി പ്രാഥമിക സംഘങ്ങൾക്ക് സ്വന്തം നിലയിൽ നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവർത്തികൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിലൂടെ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന് മറ്റ് ന്യൂജനറേഷൻ/വാണിജ്യ ബാങ്കുകൾക്ക് നൽകാൻ കഴിയുന്ന എല്ലാ സേവനങ്ങളും നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മിനിമം ബാലൻസില്ലാത്തതിനാൽ പിഴ ഈടാക്കിക്കൊണ്ടും ഓരോ സേവനങ്ങൾക്കും ചാർജ്ജ് ഈടാക്കിക്കൊണ്ടും പൊതു ബാങ്കിംഗ് രംഗം പാവപ്പെട്ടവർക്ക് അന്യമാക്കി മാറ്റുന്ന നടപടിക്ക് അറുതി വരുത്തുന്നതോടൊപ്പം സംസ്ഥാനത്തെ ജനങ്ങളുടെ സമ്പാദ്യം സംസ്ഥാനത്ത് തന്നെ നിക്ഷേപമാക്കിത്തീർക്കാനും പുതിയ കേരള ബാങ്ക് വിഭാവനം ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് കേരളത്തിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾ കേരളത്തിൽ തന്നെ വായ്പയായി നൽകാൻ കഴിയത്തക്ക തരത്തിലുള്ള നടപടികളാണ് വിഭാവനം ചെയ്യുന്നത്. സേവനങ്ങൾ ചാർജ്ജ് ഇല്ലാതെയും കുറഞ്ഞ ചെലവിലും നിർവഹിക്കണമെന്നും വിഭാവനം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ